MR. TARIATU KUNJITOMMAN (*Commerce and Industry, North*): അറിയാം. അതുതന്നെയാണു ഞാൻ ഇവിടെ വ്യക്തപ്പെടുത്തുന്നതു്. ഗവണ്മെൻറിന്റെ ദോഷവശങ്ങളെ വിമർശിച്ചു നന്നാക്കേണ്ടതു് ഓരൊ ജനപ്രതിനിധികൾക്കും ഗവണ്മെൻറിനേക്കു തന്നെയുള്ള കടമയാണു. ഒരു ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമതയില്ലായ്മയെ ജനങ്ങൾക്കതുകൊണ്ടുള്ള പ്രയോജനമില്ലയ്മ. എന്നാൽ സാനിട്ടറിഡിപ്പാർട്ടുമെൻറുകൊണ്ടു കുറച്ചെല്ലാം പ്രയോജനമുണ്ടായിരിക്കാം. നാട്ടിൻപുറങ്ങളിൽ ഇറങ്ങി സാമാന്യജനങ്ങളോടു് അന്വേഷിച്ചാൽ വാക്സിനേഷൻ ശരിയായി നടത്തുന്നില്ലെന്നും സാംക്രമികരോഗകാലത്തു സാനിട്ടറി വ

LIBRARY ARCHIVES Kerala Legislative Assembly

കൂപ്പുകാർതന്നെ അവിടെ മിക്കവാറും പോകുന്നില്ലെന്നും, അവരിൽനിന്നു നേരിട്ടറിയാൻ കഴിയും.

MR. K. GEORGE (*Chief Secretary to Government*) : സാനിട്ടറിഡിപ്പാർട്ടുമെൻറു കഴിഞ്ഞ യാണ്ടത്തെ അപേക്ഷിച്ചു കൂടുതൽ ചീത്തയാണുട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ചീത്തയായിട്ടുണ്ടു് എന്നാണു് ഞാൻ പറയുന്നതു്. വാക്സിനേറർമാർ മിക്കവാറും അതുതന്നെ ശരിയായി ജോലിചെയ്യാറില്ല.

MR. K. GEORGE (*Chief Secretary to Government*) : വാക്സിനേറർമാർ ജോലിചെയ്തില്ലെങ്കിൽ വാക്സിനേറു് ചെയ്തിട്ടുള്ളവരുടെ എണ്ണംകുടി വന്നതെങ്ങിനെയാണു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അവർതരുന്ന കണക്കിനെ വിശ്വസിക്കയല്ലാതെ അതു ചെക്കുചെയ്യാറുണ്ടോ? അവർതരുന്ന കണക്കു ശരിയായിട്ടുള്ളതല്ല.

MR. K. GEORGE (*Chief Secretary to Government*): സൌകര്യമുള്ളപ്പോൾ ഗവണ്മെൻറു സ്റ്റാറിസ്റ്റിക്സു സ്വീകരിക്കയും സൌകര്യമില്ലാത്തപ്പോൾ അതു തള്ളിക്കളയുകയും ചെയ്യുന്നതു ശരിയല്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): എല്ലാ സ്റ്റാറസ്റ്റിക്സും ഒരുപോലെ ആക്ഷേപാർഹമാണെന്നു പറയുന്നില്ല. ഇവിടെ തന്നിട്ടുള്ള കാസ്റ്റ്വാർസ്റ്റേറു്മെൻറു അതിനു ദൃഷ്ടാന്തമാണു്.

MR. K. GEORGE (*Chief Secretary to Government*): അപ്പോൾ മെംബറുടെ സൌകര്യം പോലെ സ്റ്റാറിസ്റ്റിക്സു സ്വീകരിക്കയാണു ചെയ്യുന്നതു് അല്ലെ?

MR. TARIATU KUNJI TOMMAN (*Commerce and Industry, North*) : തിരുത്താവുന്നിടത്തോളം തിരുത്തി സ്വീകരിക്കുകയെന്നുള്ളതു സ്വാഭാവികമാണല്ലൊ.

MR. K. GEORGE (*Chief Secretary to Government*) : ഒരുവാക്സിനേറക്കു് എത്ര കരകളിൽ എത്ര ആളുകളെ വാക്സനേറു് ചെയ്യാൻമുമതല പ്പെടുത്തിയിട്ടുണ്ടെന്നു് അറിയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry North*) : അതിൻെറ കണക്കുഗവണ്മെൻറു വേണം പറയുവാൻ.

MR. K. GEORGE (*Chief Secretary to Government*):-റിപ്പോർട്ടിലുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സാമാന്യമായിട്ട് ഒരു കണക്കു പറഞ്ഞിട്ടുണ്ടെന്നല്ലാതെ ഇന്നയിന്ന വാക്കിനേറക്കു ഇന്നയിന്ന കര എന്നു പറഞ്ഞിട്ടില്ല.

അനുദ്യോഗസ്ഥഭാഗത്തുള്ള പലരും എന്റെ അഭിപ്രായത്തെ അനുകൂലിച്ചു പറയുകയുണ്ടായി. മി. കുഞ്ഞുകൃഷ്ണപിള്ള ഈ ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമതയില്ലായ്മയെപ്പറ്റി പറഞ്ഞുവെങ്കിലും ഉദ്യോഗ നിയമന വിഷയത്തിൽ എന്റെ ആക്ഷേപത്തോട് അദ്ദേഹം അനുയോജിച്ചുകണ്ടില്ല.

MR. K KUNJUKRISHNA PILLAI (*Quilon*): ഉദ്യോഗ നിയമനവിഷയത്തിൽ ഞാൻ മെമ്പറോടു യോജിക്കുന്നില്ലെന്നോ അതല്ല അതിനെപ്പറ്റി പറയുന്നില്ലെന്നോ പറഞ്ഞതു്?

MR. TARIATU KUNJTOMMAN (*Commerce and Industry, North*): ഒരു പക്ഷെ അദ്ദേഹം അതു വിട്ടുകളയുകയായിരിക്കും ചെയ്തതു്. എന്നാൽ അതിനെപ്പറ്റി ഒന്നും പറയാത്തതുകൊണ്ടു അദ്ദേഹവും അനുകൂലിക്കുന്നു എന്നാണല്ലൊ വിചാരിക്കേണ്ടതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): ആ അർത്ഥം എങ്ങനെ കിട്ടി.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): "ഒക്കാത്തകായ്ത്തിനു മൂളാത്തഅടയാളം" എന്നൊരു. പഴഞ്ചൊല്ലുണ്ടല്ലൊ.

MR. K. KUNJUKRISHNA PILLAI (*Quilon*): മെമ്പറുടെ മോഷണം ഞാൻ അനുകൂലിച്ചതുതന്നെ ചില വ്യത്യസ്ഥതയോടുകൂടിയാണു് എന്നു ഞാൻ പറഞ്ഞതു മെമ്പർ ഓർക്കുന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry North*): ഉണ്ടു്. അദ്ദേഹത്തിനു ഉദ്യോഗ നിയമനവിഷയത്തിൽ സങ്കടമില്ല. കാരണം അദ്ദേഹം ഉൾപ്പെട്ട സമുദായത്തിൽ നിന്നും തന്നെ ഒരു പേക്ഷ ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗമുണ്ടു്.

MR. K KUNJUKRISHNA PILLAI (*Quilon*): ഉദ്യോഗങ്ങളുടെ കണക്കെടുക്കുന്നതിനെപ്പറ്റി എപ്പൊഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അദ്ദേഹത്തിനു് ഇതിൽ സങ്കടമില്ല. സങ്കടമുള്ളവരല്ലെ വഴക്കുപറയേണ്ട ആവശ്യമുള്ളു. ഒരു വലിയ ജനവിഭാഗമായ കത്തോലിക്കരിൽനിന്നും ഈ ഡിപ്പാർട്ടുമെൻറിൽ മൂന്നൊ നാലൊ പേർ മാത്രമെയുള്ളു.

MR. K. GEORGE (*Chief Secretary to Government*): അതെന്തു കൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUJITOMMAN (*Commerce and Industry, North*): വിദേശ്യന്മാരിൽ നിന്നും അപേക്ഷകൾ വരാത്തതുകൊണ്ടാണെന്നാണ് എതിർഭാഗത്തുനിന്നു പറയുന്നതു്. എന്നാൽ അപേക്ഷകളെല്ലാം രജിസ്റ്റർ ചെയ്തു വച്ചിരിക്കുന്നതു കണ്ടാൽ അതറിയാമായിരുന്നു.

MR. K. GEORGE (*Chief Secretary to Government*): ഏതപേക്ഷകളാണു്? സാനിട്ടറി ക്ലാസിൽ ചേരണമെന്നുള്ള അപേക്ഷകളൊ അതല്ല ഉദ്യോഗം വേണമെന്നുള്ള അപേക്ഷകളോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ക്ലർക്ക്സു, ടൈപ്പിസ്റ്റ് തുടങ്ങിയുള്ള ഉദ്യോഗങ്ങൾക്കു ക്ലാസിൽ ചേരണമെന്നില്ലല്ലൊ.

MR. K. GEORGE (*Chief Secretary to Government*) : അങ്ങനെയുള്ള ഉദ്യോഗങ്ങൾ എത്രയുണ്ടു്!

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ക്ലർക്ക്സു മാത്രം പല പേരുണ്ടു്. ഇങ്ങനെ പല ചെറിയഉദ്യോഗങ്ങളുമുണ്ടു്.

എന്റെ മാന്യസ്നേഹിതൻ അദ്ദേഹത്തിനു് ഇതിൽ സങ്കടമില്ലാത്തതു കൊണ്ടാണു നിയമനവിഷയം വിട്ടുകളഞ്ഞതു്. രാജ്യത്തിന്റെ ഏതു ഭാഗത്തായാലും, പ്രജാസഞ്ചയത്തിന്റെ ഏതു വിഭാഗങ്ങളിലായാലും, അസ്വസ്ഥത, അനീതി, അക്രമം ഇവകളുണ്ടായിരുന്നാൽ അതൊക്കെ മൂണ്ടിക്കാണിച്ചു പറയേണ്ട കടമ ഓരൊജനപ്രധിനികൾക്കും ഉള്ളതാണു്. നിയമനവിഷയത്തിലും ഭരണത്തിലും വലിയന്യൂനത ഈ ഡിപ്പാർട്ടുമെൻറിൽ നേരിട്ടു കൊണ്ടിരിക്കുന്നു എന്നു ഞാൻ ഇവിടെ വ്യക്തപ്പെടുത്തിയിട്ടുണ്ടു്. ഇതിൽ നിയമന വിഷയത്തിലാണു് അധികമാളുകളും എന്നോടു യോജിച്ചു കാണുന്നതു്. ഈ വിഷയത്തിൽ മെസ്സേർസ്. പി. എസ്. മഹമ്മദ്, കൊച്ചുകോരതരകൻ ഇവർ എന്റെ അഭിപ്രായത്തോടുകൂടി യോജിക്കയുണ്ടായി. ഈ മാതിരിയുള്ള ദുഷ്യങ്ങളെ തിരുത്തേണ്ടതു ഗവണ്മെൻറിന്റെ ഒഴിച്ചുകൂടാത്ത കടമയാണു്. ഉദ്യോഗ നിയമനത്തെ സംബന്ധിച്ചു് ഒരഭിപ്രായം ഈ കൌൺസിലിൽ പാസാക്കുക എന്നുള്ളതു അതു എളുപ്പമല്ലാത്തരീതിയിലാണ് ഈസഭയുടെ ഘടന. ഉദ്യോഗത്തിൽ ഭൂരിഭാഗംകിട്ടിയിട്ടുള്ള വർഗ്ഗങ്ങളിൽ പെട്ടിട്ടുള്ളവരാണു് ഈ കൊൺസിലിലുള്ള പ്രതിനിധികളധികവും അവരിലും ന്യായബുദ്ധിയുള്ളവരുണ്ടു്. അതു കൊണ്ടു മുമതലയുള്ള ഗവണ്മെൻറുതന്നെ ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നാണു എന്റെ അഭിപ്രായം.

ഒരു ഡിപ്പാർട്ടുമെൻറിലെ അനീതിയെ മൂണ്ടികാണിക്കുമ്പോൾ ഗവണ്മെൻറുഭാഗത്തുനിന്നും പല ഒഴിവുകഴിവുകളും പറയാറു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ണ്ട്. എന്നാൽ ഗവണ്മെൻറു നല്ലപോലെ ശ്രദ്ധിക്കണം. സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ ക്ലാർക്ക്സു തുടങ്ങിയുള്ള ഉദ്യോഗത്തിനു ഞാൻമുമ്പുപറഞ്ഞതുപോലെ വിശേഷവൈദഗ്ദ്ധ്യമൊന്നും വേണ്ടല്ലൊ. അങ്ങനെയുള്ള ഉദ്യോഗങ്ങൾ കത്തോലിക്കർ, യാക്കോബായക്കാർ, ഈഴവർ, മുതലായ സമുദായങ്ങളിലുൾപ്പെട്ടവർക്കു കൊടുക്കരുതൊ?

MR. JOSEPH KUNJU (*Changanachery cum Peermade*) ഈ ഡിപ്പാർട്ടുമെൻറു് ഇന്നത്തെ നിലയിൽ നടത്തിക്കൊണ്ടു പോയാൽ രാജ്യത്തിനു യാതൊരു പ്രയോജനവുമില്ലെന്നും, അതിനാൽ ഈ ഡിപ്പാർട്ടുമെൻറിനെ കാലാനുസൃതമായ വിധത്തിൽ പരിഷ്കരിക്കണമെന്നും സാനിട്ടറി കമ്മിഷണർ ഗവണ്മെൻറിനെ അറിയിച്ചതായി മെമ്പർക്കു കേട്ടറിവുണ്ടൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*), എനിക്കറിവില്ല; എന്നാൽ ഇങ്ങനെയുള്ള സംഗതിയിൽ മെമ്പർ അനേപക്ഷിക്കുന്നയാളും യഥാർത്ഥം വെളിപ്പെടുത്തുന്നയാളുമായതു കൊണ്ടു മെമ്പർ പറയുന്നതു ഞാൻവിശ്വസിക്കുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ ഡിപ്പാർട്ടുമെൻറിൽ കത്തോലിക്കരെ പ്രവേശിപ്പിക്കാതിരിക്കാൻ വല്ലപ്രത്യേകകാരണവുമുണ്ടൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഞാൻ കത്തോലിക്കരുടെ കാര്യം മാത്രമല്ല പറയുന്നതു്. ഈഴവരുടെയും മഹമ്മദീയരുടെയും യാക്കോബായക്കാരുടെയും മറ്റു അസമതപസമുദായക്കാരുടെയും കാര്യങ്ങൾപറയുകയാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഈ സമുദായക്കാരെ വളരെകുറവായി നിയമിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടൊ എന്നാണു് ഞാൻചോദിക്കുന്നതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരില്ലാത്ത സമുദായക്കാർക്കു് ഉദ്യോഗം കിട്ടാൻ പ്രയാസം സ്വജാതിക്കാരെ നിയമിച്ചുകളഞ്ഞു എന്നു പറയുമല്ലൊ എന്നുവിചാരിച്ചു് ഒരുദ്യോഗസ്ഥൻറെ സ്വജാതിക്കാരെ മറെറാരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനോടു പറഞ്ഞു ആ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുകയും ആ ഉദ്യോഗസ്ഥൻറെ ആളിനെ തൻറെ ഡിപ്പാർട്ടുമെൻറിൽ നിയമിക്കയും ചെയ്യുന്ന ഒരു മാറു കച്ചവടംകൂടി ഉദ്യോഗസ്ഥന്മാരുടെയിടയിലുണ്ടു്. അതുകൊണ്ടു് ഒരു നിലയിലും നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരില്ലാത്ത സമുദായക്കാർക്കു് ഉദ്യോഗം ലഭിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഗതികളെല്ലാം ഗവണ്മെൻറിന്റെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണു ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ വിഷയത്തിൽ ഗവണ്മെൻറു വേണ്ടപോലെ ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു് അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT: Is it the pleasure of the House that the motion be withdrawn?

The motion was, by leave, withdrawn.

Motions Nos. 237 and 238.

The following motions were not moved:—

MR. K. P. KOCHUKORA TARAKAN:

To reduce the allotment of Rs. 1,500 for travelling allowance by Re. 1.

MR. K. P. ABRAHAM:

To reduce the allotment of Rs. 1,500 for travelling allowance by Rs. 3.

Motion No. 239.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Sir, I beg to make the motion that the allotment of Rs. 10,229 for Commissioner be omitted, with a suggestion that the place be abolished. I have absolutely nothing to say against the administration of the department on the lines so vehemently emphasised by Mr. Kunjitomman because I have not enquired into the number of appointments made by the Commissioner nor have I analysed any castewar statement. My submission is that it is found clear that this department does not justify its separate existence in view of certain developments that took place recently in the Public Health Department. I wish to quote from the *Administration Report* for 1106 regarding the object of this Department.

"The Sanitary Department therefore represents the Public Health Department under the Government although its attention is at present restricted to the collection, registration and tabulation of vital statistics, to the management of vaccination in non-municipal areas, both rural and urban, and to rural sanitation".

This was the way in which the functions of the department have been described by the head of the department in his report for last year. Let us see what the ideal of the Public Health Department is. In the terms given by official records, its ideal is:

"The need for organising a modern public health department to cope efficiently with the numerous public health problems of the State has engaged the attention of Government in recent years".

That is found at page 104 of the Administration Report for 1106. Coming back to an analysis of the functions of this Department, which analysis was very carefully done by the Chief Secretary in his speech,

LIBRARY ARCHIVES Kerala Legislative Assembly

the functions divide themselves into three items, they being collection, registration and compilation of vital statistics.

MR. K. GEORGE (*Chief Secretary to Government*) : Not collection.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) I am only quoting from the *Administration Report*. It may be compilation.

MR. K. GEORGE (*Chief Secretary to Government*): May I inform the member that the responsibility for collection is vested with the Revenue Department?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): It may be compilation. Anyhow, that does not affect my argument.

Then, let us see whether the Public Health Department has any programme like that. It is said at page 7 of the Memorandum that the collection of vital statistics is the most important Public Health function and I may inform the House that a heavy staff has been deputed for attending to this work alone.

MR. P. VISVANATHA AIYAR (*Secretary to Government*): That is not for one unit or one area.

MR. E. V. KRISHNA PILLAI: (*Kottarakara* cum *Kunnattur*) : I admit it is for the Municipalities. We are not concerned with the immediate future. We should view as far and as broadly as possible about vaccination. Of course in the way in which it has been criticised by some of my friends, I have also some grievances to submit which I am not doing just now. Anyhow, vaccination also comes under one of the items proposed by the Public Health Department. Then there remains rural sanitation; and how far the department was devoting its energies and activities under this item, which is a very very important item, could be seen from the observations made at page 80 of the first volume of the Banking Enquiry Committee Report. There are altogether about 500 markets in the State and Travancore being pre-eminently a country with extensive rural area, rural sanitation must apply pre-eminently to markets. The actual problem is whether rural sanitation is carefully attended to, whether it is directed in a way in which it is helpful to the public and the rural population. This can be seen from the way in which markets are handled by the department.

MR. P. VISVANATHA AIYAR (*Secretary to Government*) : Is the member aware that all the markets are not under the Department?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : If there is even a single market.....

MR. P. VISVANATHA AIYAR (*Secretary to Government*) : Only markets in conservancy areas are under the Sanitary Department.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): So, are not Sanitary Overseers obliged to go to markets?

MR. K. GEORGE (*Chief Secretary to Government*) : It is only recently that they have been authorised to do it.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : If the Sanitary Overseers under the department are not authorised to go to markets, that is the very reason why I say that this department should be abolished.

MR. K. GEORGE (*Chief Secretary to Government*) Is the member aware that, under the Markets Regulation, the responsibility over markets is vested with the Revenue Department ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) If this power is taken from the Sanitary Department it is all the more the reason why this department should be stopped. Even if this department obliged to attend to it, there is record to show that it has not properly attended to it. I am told there is confusion of ideas regarding the functions of both these departments, because, when plague broke out in the southern parts, my information is that all the officers, the Inspecting Medical Officer and the Sanitary Commissioner visited the places. Along with, or independent of, these people, one Public Health Officer also visited the places. I do not know whom plague claimed.

MR. K. GEORGE (*Chief Secretary to Government*) : Under statutory rules, the Sanitary Commissioner is responsible.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : My submission is that along with the existence of the Public Health Department, there is no necessity made out for the existence of this department. So my point is that both these departments must be amalgamated and brought under effective control, their purpose being the same. I think the Retrenchment Committee was also for the amalgamation of these two departments. If it is found that one individual cannot be entrusted with the responsibilities of looking to all these activities, Government can as well go in for a board as in the case of the Medical Services.

MR. P. S. MAHOMED (*Nominated*) : മെഡിക്കൽബോർഡുതന്നെ രാജ്യത്തിലാണെന്നു മെമ്പർക്കറിയാമോ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : If it is found feasible or convenient, Government may do so. I am not suggesting the creation of a board. My submission is that any body will find fault with us for our keeping on these two departments; the functions, duties, ideals, aims and everything of both being the same. So, it is a suggestion for the House to consider whether in view of the large amounts of money we spend on the Public Health activities, it is necessary that this should be kept separate.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Is it the member's view that the Sanitary Department should merge in the Public Health Department ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : Both the departments should be amalgamated and a scheme should be devis-

LIBRARY ARCHIVES Kerala Legislative Assembly

ed under which both their functions can be exercised under one set of instructions.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): Which of the departments, as between the two, first came into existence?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): The Sanitary Department. Let it continue like that. I am not concerned with the name of the department. The present Sanitary Commissioner has been in touch with the sanitary activities for a long time and so I think he can very well be asked to devise a scheme under which the amalgamation can be made.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും കൂട്ടിച്ചേർത്തു ഇന്നത്തെ കമ്മിഷണർഷിപ്പു നിറുത്തൽ ചെയ്തു, ഇന്നത്തെ കമ്മിഷണരെ Assistant to the Honorary Adviser of Public Health ആയി നിയമിക്കുന്നതു മെമ്പർക്കു സമ്മതമാണൊ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): എനിക്കതിനു് അധികാരമില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*). മെമ്പക്കതു സമ്മതമാണൊ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഏതെങ്കിലും വിധത്തിൽ അദ്ദേഹത്തിനു ശമ്പളം കൊടുക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അദ്ദേഹത്തെ ആ സ്ഥാനത്തു നിയമിക്കുന്നതു മെമ്പർക്കു വ്യക്തിപരമായ നിലയിൽ സമ്മതമാകുമൊ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെക്കുറിച്ചും.....

MR. JOSEPH KUNJU (*Changanachery* cum *Peermade*): മെമ്പരുടെ ഇപ്പോഴത്തെ അഭിപ്രായമനുസരിച്ചു് അദ്ദേഹത്തെ അങ്ങനെ നിയമിക്കുന്നതു സമ്മതമാണൊ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അദ്ദേഹത്തെ ഏതുദ്യോഗത്തിനു നിയമിക്കുന്നതും എനിക്കു സമ്മതമാണു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഞാൻ പറഞ്ഞതായ ഉദ്യോഗത്തിൽ നിയമിക്കുന്നതു സമ്മതമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഏതുദ്യോഗത്തിൽ നിയമിക്കുന്നതും എന്നിക്കു സമ്മതമാണ്.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I also support the motion of Mr. E. V. Krishna Pillai. Our Sanitary Department was established about 37 years ago. When it was established, our Government was setting an example to other States, none of which, I understand, had such a department under them. Now, it so happened that in Travancore ever since its inception, this department was put under the charge of officers who had absolutely no experience in public health and who had no particular qualification in public health, with the result that this department has not been of any practical use to the public. During the cholera epidemic in 1104 this department was not able to control the outbreak, and I know, Sir, that, in consequence of this outbreak the lives of thousands of people were swept away in my constituency. Similar was the fate of the people of the adjacent constituency represented by Mr. R. S. Subrahmanya Pillai. This department, in spite of its existence for nearly 37 years, has not justified its existence by any effective work during the epidemic. Small-pox epidemic also remains unchecked since the last 3 or 4 years and we now hear, Sir, that in the High Ranges there is plague. My complaint is not with the officer in charge of the department. But what I wish to point out is that, in view of the fact that our Government have now organised a Public Health Department with a promising and useful programme, some items of which have been put into effect in some areas, there is no justification for the continuance of this department entailing a heavy cost. I understand from the speech of the Chief Secretary who spoke on the previous motion, that practically the most important item that is conducted by the department is vaccination. If that be so, that item could be made a branch of the Public Health Department which has come into existence and allowed to function. Under these circumstances, I strongly support the motion of Mr. E. V. Krishna Pillai.

MR. P. S. MAHOMED (*Nominated*): സർ, മി: ഇ. വി. കൃഷ്ണപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ എതിർക്കേണ്ടതായിട്ടാണു വന്നിരിക്കുന്നതു്. ഈ കട്ടു് ഹെൽത്തു ഡിപ്പാർട്ടുമെൻറിലായിരുന്നുവെങ്കിൽ അദ്ദേഹം പറഞ്ഞ കാരണം കൊണ്ടുതന്നെ ഞാൻ ഇതിനെ അനുകൂലിക്കുമായിരുന്നു. സാനിട്ടറി ഡിപ്പാർട്ടുമെൻറും ഹെൽത്തു ഡിപ്പാർട്ടുമെൻറും ഇന്നു ചെയ്യുന്ന പ്രവൃത്തി ഒരേ രീതിയിലാണെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഇതിനും പുറമെ രണ്ടു ഡിപ്പാർട്ടുമെൻറും കൂടി ഒന്നാക്കി കളയാമെന്നുള്ളതാണു്. അദ്ദേഹത്തിൻെറ പ്രസംഗ ചുരുക്കം. ആ ഭാഗത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. തിരുവിതാംകൂറിൻെറ ഇന്നത്തെ സ്ഥിതിക്കു് എതാണു നമുക്കുപയോഗപ്പെടത്തക്കതെന്നു

LIBRARY ARCHIVES Kerala Legislative Assembly

കയ്യുമുള്ളതെന്നാണ് ഇനിനോക്കേണ്ടതു്. ഇന്നു ഹെൽത്തു ഡിപ്പാർട്ടുമെൻറു ഒരു മൂലയിൽ മാത്രം തുടങ്ങി ഗണ്യമായ ഒരു തുക ചിലവാക്കി വരുന്നുണ്ടു്.

MR. N. K. KRISHNA PILLAI (*Neyattinkara*): ഒരു മൂലയിൽ മാത്രം ചെയ്യാനാണൊ ഇവിടെ തുടങ്ങിയിരിക്കുന്നതു്?

MR. P. S. MAHOMED (*Nominated*): ഒരു മൂലയിൽ മാത്രം തുടങ്ങുന്നതിന് ഇത്രയും വലുതായ ഒരു തുക ചിലവു ചെയ്യേണ്ടിവരുമ്പോൾ ഇതു രാജ്യം ഒട്ടുക്കുള്ള ജനങ്ങൾക്കുപകാരപ്രദമാകത്തക്ക നിലയിൽ ആക്കുന്നതിന് എന്തുമാത്രം പണം ചിലവാക്കേണ്ടിവരും? അങ്ങനെ ഒരു സന്ദർഭം വരുമ്പോൾ ഈ രാജ്യത്തെ വരവു മുഴുവനും ചിലവാക്കിയാലും ഈ ഒരു ഡിപ്പാർട്ടുമെൻറിനെ മാത്രം വച്ചു പാലിക്കാൻകൂടി മതിയാകാതെ വരും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) ഫ.ഫ.ഠ.ർ—ലെ സ്കീം മെമ്പർ വായിച്ചിട്ടുണ്ടൊ?

MR. P. S. MAHOMED (*Nominated*): റിപ്പോർട്ടു കൊണ്ടു രാജ്യത്തിൻറെ ഒരു മൂലയിൽ ഹെൽത്തു ഡിപ്പാർട്ടുമെൻറു പ്രവർത്തിക്കുന്നതിന് ഒരു ഭീമമായ തുക വേണമെന്നാണു കാണുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഫ.ഫ.ഠ.ർ-ൽ ഹെൽത്തു സ്കീം ഈ കൌൺസിലിൽ കൊണ്ടു വന്നപ്പോഠം മെമ്പർക്കുടി ഉണ്ടായിരുന്നല്ലൊ. അന്നു മെമ്പർ അതിനെ എതിർത്തിട്ടുണ്ടൊ?

MR. P. S. MAHOMED (*Nominated*): ഇത്രയും വലുതായ ഒരു സംഖ്യ ചിലവു ചെയ്യേണ്ടി വരുമെന്നുള്ള കാര്യം അന്നു് ആലോചിച്ചില്ല.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) അന്നു വ്യ ഠ ഠ ശ്രുപാ ശമ്പളത്തിൽ ഒരു എൻറമാളജിസ്റിനെ വരുത്തണമെന്നു നിശ്ചയിച്ചിരുന്നൊ?

MR. P. S. MAHOMED (*Nominated*): ഇല്ലായിരുന്നു; അദ്ദേഹത്തിൻറെ ജോലി കൊതുകുപിടിത്തമാണെന്നു് അറിഞ്ഞിരുന്നുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എന്തായാലും ഇതിലേക്കു കുറെ ചിലവു വരുമെന്നു് അന്നു് അറിഞ്ഞിരുന്നില്ലെ?

MR. P. S. MAHOMED (*Nominated*): കുറെ ചിലവു വേണ്ടി വരുമെന്നു ആറിഞ്ഞിരുന്നു. എന്നാൽ.....

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*). ലക്ഷക്കണക്കിന് അനാവശ്യമായ ചിലവുവേണ്ടിവരുമെന്ന് അന്നുവിചാരിച്ചിരുന്നോ?

MR. P. S. MAHOMED (*Nominated*) : ഇല്ലായിരുന്നു. പത്തൊമ്പതിനായിരം രൂപാ ശമ്പളം കൊടുത്തു ജനനമരണ കണക്കെടുക്കുന്നയാൾ ചെയ്തുകൊണ്ടിരുന്ന ജോലിക്ക് ഇപ്പോൾ വലിയ ശമ്പളം കൊടുക്കേണ്ടിവരുന്നു.

MR. K. KUNJUKRISHNA PILLAI (*Quilon*) : ൪൦൦ രൂപാ ശമ്പളംവാങ്ങിക്കുന്ന ഒരാൾ തയ്യാറാക്കുന്ന ജനനമരണക്കണക്കു ൧൫ രൂപാ ശമ്പളം വാങ്ങിക്കുന്നയാൾതയ്യാറാക്കുന്നതിനെക്കാളും ശരിയായിരിക്കയില്ലെ?

MR. P. S. MAHOMED (*Nominated*) : ൪൦൦ രൂപാ ശമ്പളക്കാരനും ൧൫ രൂപാ ശമ്പളക്കാരനും ചെയ്യുന്ന ജോലി ഒരേ തന്നെയാണ്. ഇവരെക്കൊണ്ടു ചിലവിന് ഒരു മാറ്റമുണ്ടാക്കാനല്ലാതെ മറൊന്നും ചെയ്യുവാൻ സാധിക്കുകയില്ല.

PRESIDENT : The time allotted for this Demand is over and so this motion and the remaining motions lapse.

The following motions lapsed: —

MR. E. V. KRISHNA PILLAI :
239. To omit the allotment of Rs. 10,229 for Commissioner.

MR. N. JOHN JOSEPH :
240. To reduce the allotment of Rs 10,229 for Commissioner by Rs. 2.

MR. P. S. MAHOMED :
241. To reduce the allotment of Rs. 29,664 for Vaccinators by Rs. 10.

MR. K. P. ABRAHAM :
242. To reduce the allotment of Rs. 150 for local allowance to vaccinators by Re. 1.

MR. K. P. KOCHUKORA TARAKAN :
243. To reduce the allotment of Rs. 150 for local allowance to vaccinators by Rs 3.

MR. K. P. ABRAHAM :
244. To reduce the allotment of Rs. 350 for street lighting by Re. 1.

MR. K. P. KOCHUKORA TARAKAN :
245. To reduce the allotment of Rs. 350 for street lighting by Re. 1.

MR. K. P. MADHAVAN PILLAI :
246. To reduce the allotment of Rs 1,19,672 for Sanitation and Vaccination excluding Public Health by Re. 1.

MR. P. S. MAHOMED :
247. To reduce the allotment of Rs. 1,19,672 for Sanitation and Vaccination excluding Public Health by Rs. 10.

MR. K. P. MADHAVAN PILLAI :
248. To reduce the allotment of Rs. 29,820 for grants to Ayurvedic Medical Institutions by Re. 1.

MR. K. P. ABRAHAM :
249. To reduce the allotment of Rs. 29,820 for grants to Ayurvedic Medical Institutions by Rs 4.

MR. N. JOHN JOSEPH ;
250. To reduce the allotment of Rs. 31,008 for grants for medical purposes included in Demand V by Rs 2.

LIBRARY ARCHIVES Kerala Legislative Assembly

MR. K. I. KOCHEEPPAN MAPPILLAI :

251. To reduce the total allotment of Rs. 1,82,512 under Demand V by Re. 1.

MR. S. KRISHNA PILLAI :

252. To reduce the total allotment of Rs. 1,82,512 under Demand V by Re. 1.

PRESIDENT: Mr. P. Visvanatha Aiyar has moved for a grant of Rs. 1,82,512 under Demand V—Chemical Examiner, Ayurveda Department including grants to institutions and Honoraria to Vaidyans and Sanitary Department excluding Public Health. I take it that the Demand is passed.

The grant was made.

Before proceeding to the next demand I wish to say that I shall not allow any discussion on appointments from the communal point of view except under motions for the reduction of the total demand. Any such discussion under any other motion will be out of order.

Demand VI—Co-operative Department.

RAO SAHIB DR. N. KUNJAN PILLAI (*Census Commissioner*) Sir, I beg to move for a grant not exceeding Rs. 65,702 under Demand VI—Co-operative Department.

Motion No. 253,

The following motion was not made :

MR. P. S. MAHOMED :

253. To reduce the allotment of Rs. 7,776 for permanent clerical staff by Rs. 10.

Motions Nos. 254 and 255.

The following motions were deemed not to have been made as the member was absent :—

MR. TARIATU KUNJITOMMAN :

254. To reduce the allotment of Rs. 32,953 for establishment by Rs. 10.

MR TARIATU KUNJITOMMAN :

255. To reduce the allotment of Rs. 2,745 for deputation of an Assistant Secretary to Government for training on co-operative work for a period of five months by Rs. 5.

Motion No. 256.

MR. A. S. DAMODARAN ASAN (*Mavelikaa* cum *Karthikapalli*) : Sir, I beg to make the following motion :

To reduce the allotment of Rs. 55,833, for Registrar of Co-operative Societies, by Re. 1.

Sir, I am not going to deal at length with the defects in the system of co-operative administration, because the Government have already announced the appointment of an efficient committee to enquire into that matter and to make the necessary recommendations. The main object with which I have made this motion is this. Recently, Government have issued orders to the effect that, in the matter of the concessions granted to the co-operative societies with respect to stamp fees and registration fees on documents executed by them, in future, stamp fees and registration fees at half the usual rates should be paid by the co-operative societies also. Till now no fees were being levied from co-operative societies either for stamps or for registration.

LIBRARY ARCHIVES Kerala Legislative Assembly